"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : ___________

**സർക്കുലർ നം 43**

ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട ഹൈപ്പവർ കമ്മിറ്റിയുടെ 09/05/2021 ൽ 2.00 PM ന് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം സംസ്ഥാനത്തെ ജയിലുകളിൽ 10 വർഷം വരെ ശിക്ഷ ലഭിക്കാവുന്ന കേസുകളിൽ റിമാന്റ്/ വിചാരണ തടവുകാരായി കഴിയുന്ന അന്തേവാസികൾക്ക് നിശ്ചിത മാനദണ്ഡങ്ങളനുസരിച്ച് ഇടക്കാല ജാമ്യം അനുവദിച്ച് ഉത്തരവായിരുന്നു. അപ്രകാരം ജാമ്യത്തിൽ പോയ റിമാന്റ്/ വിചാരണ തടവുക്കാർക്ക് ജാമ്യം 13/07/2021 വരെ ബഹു. ഹൈക്കോടതി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. എന്നാൽ റിമാന്റ് / വിചാരണ തടവുകാരായി ജയിലുകളിൽ നിലവിൽ തുടരുന്നതും പ്രവേശിപ്പിക്കപ്പെടുന്നതുമായ തടവുകാർക്ക് സ്വന്തം ജാമ്യബോണ്ടിൽ ജാമ്യം അനുവദിക്കേണ്ടതില്ല എന്നും ജാമ്യത്തിനായി തടവുകാർ നേരിട്ട് കോടതിയെ സമീപ്പിക്കേണ്ടതാണെന്നും നിർദേശം ലഭിച്ചിട്ടുള്ളതിനാൽ മേലിൽ അപ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് : ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്,
ദക്ഷിണമേഖല/മദ്ധ്യ മേഖല/ ഉത്തരമേഖല

iapsPreview iapsPreview